**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5845** **08-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷത്തെ തുടർന്ന് കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമായിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തെതുടർന്ന് വളരെ വലിയ നാശനഷ്ടമാണ് കെ.എസ്.ഇ.ബിയുടെ വൈദ്യുതി വിതരണ സംവിധാനത്തിനുണ്ടായത്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5079 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം പൂർണ്ണമായി തടസ്സപ്പെട്ടു. 7.61 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 99 വിതരണ ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുണ്ടായി; ഇതിൽ 27 എണ്ണം കോട്ടയം ജില്ലയിലും 12 എണ്ണം വീതം കൊല്ലം, ഇടുക്കി ജില്ലകളിലും ആണ്. ഹൈ ടെൻഷൻ ലൈനുകളിൽ 585 പോസ്റ്റുകളും, ലോ ടെൻഷൻ ലൈനുകളിൽ 2028 പോസ്റ്റുകളും തകർന്നു. ഹൈ ടെൻഷൻ വൈദ്യുതി കമ്പികൾ 476 സ്ഥലങ്ങളിലും, ലോ ടെൻഷൻ കമ്പികൾ 7975 സ്ഥലങ്ങളിലും പൊട്ടിവീണു; എറണാകുളം ജില്ലയിൽ മാത്രം ആയിരത്തി അഞ്ഞൂറോളം ഭാഗങ്ങളിലാണ് വൈദ്യുതികമ്പി പൊട്ടിയിട്ടുള്ളത്. മലപ്പുറം, കോട്ടയം ജില്ലകളിൽ ആയിരത്തിൽപരം സ്ഥലത്തും, തിരുവനന്തപുരം തൃശ്ശൂർ ജില്ലകളിൽ എണ്ണൂറ്റി അൻപതോളം സ്ഥലങ്ങളിലും വൈദ്യുതികമ്പികൾ പൊട്ടി. ലഭ്യമായ കണക്കുകൾ പ്രകാരം വിതരണ ശൃംഖല പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ മാത്രം ഏകദേശം 23.74 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഉത്പാദന നിലയങ്ങളിൽ റാന്നി-പെരുനാട് (4 MW), പെരുംതേനരുവി (6 MW), ഉറുമി I & II (ആകെ ശേഷി 6.15 MW), ചെമ്പുകടവ് I & II (ആകെ ശേഷി 6.45 MW) നിലയങ്ങളുടെ പ്രവർത്തനം തടസ്സപ്പെട്ടു. ഉത്പാദന നഷ്ടം കാരണം വരുന്ന സാമ്പത്തിക നഷ്ടം 90 ലക്ഷം രൂപയിൽ അധികം വരുമെന്ന് കരുതുന്നു. ഉത്പാദന നിലയങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികളുടെ ചെലവ് കൂടി കണക്കിലെടുത്താൽ കെ. എസ്. ഇ. |

| | | | |
|---|---|---|---|
| | | | ബിക്ക് ഈ പ്രളയം മൂലം സംഭവിച്ച സാമ്പത്തിക നഷ്ടം 25 കോടിയോളം രൂപ വരുമെന്ന് കണക്കാക്കുന്നു. |
| (ബി) | കാലവർഷത്തെയും പ്രളയത്തെയും അതിജീവിക്കുന്നതിനായി കെ.എസ്.ഇ.ബി.യുടെ എത്ര ഡാമുകളിൽ നിന്ന് എത്ര ജലം പുറത്തേയ്ക്ക് ഒഴുക്കി വിട്ടുവെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഇതു മൂലം ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | കാലവർഷത്തെയും പ്രളയത്തെയും അതിജീവിക്കുന്നതിനായി കെ. എസ്. ഇ. ബി-യുടെ കീഴിൽ 8 ഡാമുകളിൽ നിന്ന് ആകെ 204.05 MCM ജലം പുറത്തേയ്ക്ക് ഒഴുക്കി വിടുകയുണ്ടായി. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | നഷ്ടം നികത്തുന്നതിന് ബദൽ മാർഗ്ഗം എന്ന നിലയിൽ അധിക നികുതിയോ സെസ്സോ ഉപഭോക്താക്കൾക്ക് ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | നിലവിൽ കാലവർഷത്തെ തുടർന്നുണ്ടായ നഷ്ടം നികത്തുന്നതിന് അധിക സെസ്സോ നികുതിയോ ഏർപ്പെടുത്താൻ നാളിതുവരെ തീരുമാനിച്ചിട്ടില്ല. |
| (ഡി) | കോവിഡ് മഹാമാരിയെ തുടർന്ന് ധന പ്രതിസന്ധി നേരിടുന്ന ജനങ്ങളുടെമേൽ അധിക ചാർജ്ജ് അടിച്ചേൽപ്പിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. എന്നാൽ ഇപ്രകാരം അംഗീകരിക്കപ്പെട്ട നിരക്കുകളിൽ ഇന്ധന സർച്ചാർജ്ജിന്റെ രൂപത്തിലല്ലാതെ ഭേദഗതികൾ വരുത്താൻ കഴിയുകയില്ല. ഇപ്പോൾ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളൊന്നും തന്നെ കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. എന്നാൽ കോവിഡിന്റെ ഭാഗമായി വൈദ്യുതി ചാർജ്ജിൽ വിവിധ ഇളവുകൾ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇളവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 1. സംസ്ഥാന ഗവൺമെൻറ്, കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട്, വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത് 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ ഡിമാൻഡ് ചാർജ്ജിൽ വ്യവസായിക/ വാണിജ്യ ഉപഭോക്താ ക്കൾക്കും, സ്വകാര്യ ആശുപത്രികൾക്കും 25% ഇളവ് അനുവദിക്കുകയും, ബാക്കിയുള്ള തുക (75%) പലിശ രഹിതമായി അടയ്ക്കുന്നതിന് 15.12.2020-വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ. എസ്. ഇ. ബി. എൽ. ഇളവ് നൽകിയത്. 2. കോവിഡ് കാലത്ത് മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗം മൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ വർദ്ധനവ് മൂലമുള്ള അധികഭാരം ലഘൂകരിക്കാൻ 20.04.2020 |

മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന ബിൽ തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20.04.2020 മുതൽ 19.06.2020 വരെ ലഭിക്കുന്ന ബില്ലിൽ) നൽകിയിട്ടുണ്ട്. ഇതിനു പുറമേ ദാരിദ്ര്യരേഖക്ക് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വന്ന ബിൽ തുകയുടെ നിശ്ചിത ശതമാനം അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന നിരക്കിൽ  സബ്സിഡിയായി നൽകിയിരുന്നു. 3. സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, സിനിമ തിയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ, 01.06.2020-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020- ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ. റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്. 4. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് വാണിജ്യ/ വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മെയ് 2021-ലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും, സിനിമാ തീയേറ്ററുകൾക്ക് ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും, ബാക്കിയുള്ള തുക പലിശ രഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30.09.2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സിനിമാ തീയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവാണ് നൽകിയിട്ടുള്ളത്. 5. സംസ്ഥാനത്ത് നാളിതുവരെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി

| | | | |
|---|---|---|---|
| | | | രൂപയുടെ സബ്സിഡി വിവിധ മേഖലകളിലെ ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ഡാമിന്റെ പേര് | ഡാമുകൾ തുറന്ന തീയതി | 01.11.2021 വരെ ഒഴുക്കി വിട്ട ജലം (MCM) |
|---|---|---|---|
| 1 | കുണ്ടള | 07.09.2021 | 5.12 |
| 2 | മാട്ടുപെട്ടി | 14.10.2021 | 18.17 |
| 3 | ആനത്തോട് (കക്കി) | 18.10.2021 | 69.75 |
| 4 | ഷോളയാർ | 18.10.2021 | 3.98 |
| 5 | പൊൻമുടി | 18.10.2021 | 22.68 |
| 6 | ചെറുതോണി (ഇടുക്കി) | 19.10.2021 | 46.30 |
| 7 | ഇടമലയാർ | 19.10.2021 | 31.96 |
| 8 | പമ്പ | 19.10.2021 | 6.09 |
| | **ആകെ** | | **204.05** |

| പ്രതിമാസ ശരാശരി ഉപഭോഗം (യൂണിറ്റിൽ) | സബ്സിഡി നിരക്കുകൾ |
|---|---|
| 50 യൂണിറ്റ് വരെ | 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളുടെ വർദ്ധനവിന്റെ 50 ശതമാനം |
| 100 യൂണിറ്റ് വരെ | വർദ്ധനവിന്റെ 30 ശതമാനം |
| 150 യൂണിറ്റ് വരെ | വർദ്ധനവിന്റെ 25 ശതമാനം |
| 150 യൂണിറ്റിൽ കൂടുതൽ | വർദ്ധനവിന്റെ 20 ശതമാനം |